LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ മാവേലിക്കര നിയമസഭാ നിയോജക മണ്ഡലത്തിലെ മാവേലിക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 65-ൽ റീസർവ്വെ നമ്പർ 107-ൽപ്പെട്ട 81 ചതുരശ്ര മീറ്റർ സ്ഥലം ഏറ്റെടുത്ത് വിതരണം ചെയ്തിട്ടുണ്ട്.

(ബി) മാവേലിക്കര നിയമസഭാ നിയോജക മണ്ഡലത്തിലെ പൊതു ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ കഴിയുന്നതും ലാന്റ് ബാങ്കിൽ ഉൾപ്പെടുത്തി സംരക്ഷിക്കുന്നതുമായ ഭൂമിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

വില്ലേജ്	ബ്ലോക്ക് നമ്പർ	റീസർവ്വെ നമ്പർ	വിസ്തീർണ്ണം (ആർ)
ചുനക്കര	8	264/12	68.69
ചുനക്കര	8	284/10	72.00

ചടയമംഗലം മുല്ലപ്പന്തൽ എസ്റ്റേറ്റ് വിതരണം

162 (7131) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) ചടയമംഗലം ഇളവക്കോട് മുല്ലപ്പന്തൽ എസ്റ്റേറ്റ് ഭൂരഹിതർക്കായി വിതരണം ചെയ്യുന്നതിന് ഏറ്റെടുത്തശേഷം വിതരണം ചെയ്യാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) ഈ ഭൂമി ഭൂരഹിതർക്കായി വിതരണം ചെയ്യുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ ചടയമംഗലം വില്ലേജിൽ ഇളവക്കോട് മുല്ലപ്പന്തൽ എസ്റ്റേറ്റ് ഉൾപ്പെട്ടുവരുന്ന സർവ്വെ നമ്പർ 289/2-ൽപ്പെട്ട 3.64 ഏക്കർ ഭൂമി സർവ്വെ ചെയ്ത് പ്ലോട്ടുകളാക്കി തിരിച്ച് വിതരണത്തിന് സജ്ജമാക്കിയിരുന്നതാണ്. എന്നാൽ പ്രസ്തുത ഭൂമിയിലെ അനധികൃത കൈവശക്കാർ ബഹു. കേരള ഹൈക്കോടതിയിൽ 4944/2014, 7865/2014, 7895/2014 എന്നീ നമ്പർ സിവിൽ റിട്ട് ഹർജികൾ ഫയൽ ചെയ്യുകയും ഇവയിൽ യഥാക്രമം 19-2-2014, 19-3-2014 തീയതികളിൽ ബഹു. കേരള ഹൈക്കോടതി പ്രസ്തുത കക്ഷികളെ ഒഴിപ്പിക്കുന്നത് ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നതുവരെ താൽക്കാലികമായി സ്റ്റേ ചെയ്തിരിക്കുകയുമാണ്.

(ബി) ബഹു. കേരള ഹൈക്കോടതി പ്രസ്തുത റിട്ട് ഹർജികൾ തീർപ്പാക്കുന്ന മുറയ്ക്ക് മാത്രമെ അനന്തര നടപടികൾ സ്വീകരിക്കുന്നതിന് കഴിയുകയുള്ളൂ.